## ആരോഹണം—കർത്താവിന്റെ സ്വർഗീയ സ്ഥാനത്തിലേക്കുള്ള അവന്റെ പ്രതിഷ്ഠാപനം

**I. ദൈവത്തിന്റെ ഭരണനിർവഹണം നടപ്പാക്കുന്നതിനും ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥ നിവർത്തിക്കുന്നതിനുമായ് കർത്താവിന്റെ സ്വർഗീയ സ്ഥാനത്തിലേക്കുള്ള അവന്റെ പ്രതിഷ്ഠാപനമാണ് മനുഷ്യ-രക്ഷകന്റെ ആരോഹണം**

## കർത്താവിന്റെ ആരോഹണത്തിന്റെ വസ്തുനിഷ്ഠമായ വശം

**II. കർത്താവിന്റെ ആരോഹണത്തിന്റെ വസ്തുനിഷ്ഠമായ വശം നാം കാണേണ്ടതാവശ്യമാണ്**

കർത്താവിന്റെ ആരോഹണം:

- അവനെ തേജസ്സും (യേശുവിന്റെ വ്യക്തിയോടു ബന്ധപ്പെട്ട ഉജ്ജ്വലത) ബഹുമാനവും (യേശുവിന്റെ മൂല്യത്തോടു ബന്ധപ്പെട്ട വിലമതിപ്പ്) കൊണ്ട് കിരീടമണിയുവാൻ ഇടയാക്കി
- അവനെ ദൈവത്തിന്റെ ഭരണനിർവഹണത്തിനുവേണ്ടി സിംഹാസനസ്ഥനാകുവാൻ ഇടയാക്കി
    - മുഴുവൻ പ്രപഞ്ചത്തിന്റെയും ഭരണനിർവഹണം—അവൻ രാജാധിരാജാവും കർത്താധി കർത്താവുമെന്ന നിലയിൽ നടത്തുന്നു.
    - ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ നിർവഹണം—അവന്റെ പുനരുല്ലാദനത്തിനുവേണ്ടി അവനെത്തന്നെ പ്രചരിപ്പിക്കുന്നതിലൂടെ
- അവനെ ദൈവം, കർത്താവും ക്രിസ്തുവും ആക്കി അവന്റെ സ്വർഗീയ ശുശ്രൂഷയിലേക്ക് സ്ഥാനാരോഹിതനാക്കി
    - കർത്താവ്—അവൻ സർവവും കൈവശമാക്കുവാൻ കർത്താവാക്കപ്പെട്ടു;
    - ക്രിസ്തു—ദൈവത്തിന്റെ നിയോഗം നിർവഹിക്കുവാൻ ദൈവത്തിന്റെ അഭിഷിക്തനായ ക്രിസ്തുവാക്കപ്പെട്ടു
- നമുക്ക് പുനരുത്ഥാനത്തിൽ ജീവനും ശക്തിയും, ആരോഹണത്തിൽ അധികാരവും ഉണ്ട്. നാം കർത്താവിനെ ബന്ധപ്പെടുമ്പോൾ, അവന്റെ പദവിയുടെയും സ്ഥാനത്തിന്റെയും ഉദ്യോഗത്തിന്റെയും സാക്ഷാൽക്കാരം നമുക്കുണ്ടായിരിക്കണം

## കർത്താവിന്റെ ആരോഹണത്തിന്റെ വ്യക്തിനിഷ്ഠമായ വശം

**III. കർത്താവിന്റെ ആരോഹണത്തിന്റെ വ്യക്തിനിഷ്ഠമായ വശം നാം കാണേണ്ടതാവശ്യമാണ്**

- ക്രിസ്തുവിന്റെ സർവ്വാതീതമായ ആരോഹണം—പാതാളത്തിനും, ഭൂമിക്കും, ആകാശത്തിനും, സ്വർഗത്തിനും അവൻ അതീതമാണ്
- ക്രിസ്തു സ്വർഗത്തിലൂടെ കടന്നുപോയി—താൻ ഇപ്പോൾ സ്വർഗത്തിലാണെന്നു മാത്രമല്ല, സ്വർഗങ്ങളെക്കാൾ ഉന്നതനും, സ്വർഗാധിസ്വർഗത്തിനും അത്യന്തം മീതെയും ആയിരിക്കുന്നു
- ക്രിസ്തുവിൽനിന്നും നമ്മിലേക്കുള്ള പ്രസരണം—എഫെസ്യർ 1:19-23-ലെ സഭയ്ക്ക് എന്ന പ്രയോഗം ഈ പ്രസരണത്തെ സൂചിപ്പിക്കുന്നു
    - ദൈവം ക്രിസ്തുവിനു എന്തായിരിക്കുവാൻ നൽകിയോ അത് സഭയിലേക്ക് പ്രസരിപ്പിക്കുകയും, സഭ അതിൽ പങ്കുകൊള്ളുകയും ചെയ്യുന്നു.
    - ക്രിസ്തുവിൽ നാലു പടികളിൽ തന്റെ ശക്തിയെ വ്യാപരിക്കുവാൻ ദൈവം ഇടയാക്കി. ഒന്നാമത്, ഉയർപ്പിക്കുന്നതിൽ; രണ്ടാമത്, ആരോഹണത്തിൽ; മൂന്നാമത്, കീഴ്പ്പെടുത്തുന്നതിൽ; നാലാമത്, തലമപ്പെടുത്തുന്നതിൽ
- ക്രിസ്തുവിനെ ശരീരമായ സഭയുടെ തലയാക്കി—ദൈവത്തെ തന്റെ നിറവിൽ ആവിഷ്കരിക്കുന്നതിന്
    - തലയും ശരീരവും ദിവ്യജീവനിലും ദിവ്യാത്മാവിലും ഒന്നായി ഒരു സാർവത്രിക മനുഷ്യനെ രൂപപ്പെടുത്തുന്നു
    - ദിവ്യ വീക്ഷണമനുസരിച്ച് ആരോഹണം ചെയ്ത ക്രിസ്തുവുമായി നാം ഒന്നാണ്, അവന്റെ ആരോഹണം നമ്മുടെയും ആണ്. ഇവിടെ ഈ ആരോഹണത്തിൽ അവന്റെ നിറവിൽ നാം അവനെ ആവിഷ്കരിക്കുന്നു
- ക്രിസ്തുവിനെ സ്വർഗത്തിൽ നമ്മുടെ മഹാപുരോഹിതനാക്കി—ദൈവസന്നിധിയിൽ നമ്മെ വഹിക്കുവാനും നമ്മുടെ എല്ലാ ആവശ്യങ്ങൾക്കുംവേണ്ടി കരുതുവാനും
    - അവൻ സഭകൾക്കുവേണ്ടി സ്വർഗത്തിൽ മധ്യസ്ഥത ചെയ്യുന്ന മഹാപുരോഹിതനാണ്.
    - അവൻ സഭകൾക്കുവേണ്ടി കരുതുന്നതിന് സഭകളിൽ നീങ്ങുന്ന മഹാപുരോഹിതനാണ്.
    - അവൻ സ്വർണ ധൂപപീഠത്തിങ്കൽ ധൂപമർപ്പിക്കുന്ന പുരോഹിതനാണ്

## കർത്താവിന്റെ ആരോഹണം നാം അനുഭവമാക്കുന്നത്

**IV. നാം കർത്താവിന്റെ ആരോഹണത്തിലാണെന്ന് നാം കാണേണ്ടതാവശ്യമാണ്**

- മുഴുവൻ കൃപായുഗവും കർത്താവിന്റെ ആരോഹണത്തിന്റെ സമയമാണ്
- അവൻ തന്റെ ആരോഹണത്തിൽ നമ്മുടെ ഉള്ളിലുണ്ട്; ഇതുകൊണ്ടാണ് ക്രിസ്തുവിന്റെ ആരോഹണത്തിൽ നമ്മെ അവനോടുകൂടെ ഇരുത്തിയിരിക്കുന്നു എന്ന് പൗലൊസ് പറയുന്നത്
- ക്രിസ്തു ഇപ്പോഴും തന്റെ ആരോഹണത്തിൽ നീങ്ങുന്നു;
- ഈ ആരോഹണത്തിൽ ത്രിയേക ദൈവം നമ്മിൽ നീങ്ങുന്നു, ഈ നീക്കം നമ്മുടെ ചരിത്രമായിത്തീരുന്നു.
- ക്രിസ്തു ത്രിയേക ദൈവത്തിന്റെ ദേഹരൂപവും, നാം അവന്റെ ആരോഹണത്തിൽ ഈ ദേഹരൂപത്തിന്റെ ഭാഗങ്ങളും ആണ്നാം
- അവന്റെ നാമത്തിലേക്ക് കൂട്ടിച്ചേർക്കപ്പെടുമ്പോഴെല്ലാം ക്രിസ്തു ആരോഹണത്തിൽ അവന്റെ എല്ലാ അവയവങ്ങളോടുംകൂടെ അവിടെ ഉണ്ട്; ഇതാണ് മനുഷ്യന്റെ ഉള്ളിലുള്ള ദൈവത്തിന്റെ നീക്കം